കേരള സർക്കാർ

<u>സംഗ്രഹം</u>

ഗതാഗത വകുപ്പ് - ജീവനക്കാര്യം - ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ/ സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ/ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ തസ്തികകളിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഗതാഗത(സി) വകുപ്പ്

സ.ഉ.(സാധാ) നം.414/2021/ഗതാഗതം തീയതി,തിരുവനന്തപുരം, 23/11/2021

---

പരാമർശം:-
1. സ.ഉ.(സാധാ) നമ്പർ.42/2021/ഗതാഗതം തീയതി 27.01.2021.
2. സ.ഉ.(അച്ചടി) നമ്പർ.37/2021/ഗതാഗതം തീയതി 20.11.2021.
3. ഗതാഗത കമ്മീഷണറുടെ 01.09.2021-ലെയും 22.11.2021-ലെയും A1/23/2021-TC(ii)-നമ്പർ കത്ത്.

<u>ഉത്തരവ്</u>

ഗതാഗത കമ്മീഷണറുടെ പരാമർശം (3) പ്രകാരമുള്ള കത്തുകളുടെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച സെലക്ട് ലിസ്റ്റിലെ സീനിയോറിറ്റി അടിസ്ഥാനമാക്കി മോട്ടോർ വാഹന വകുപ്പിൽ ചുവടെ പറയുന്ന സ്ഥാനക്കയറ്റ നിയമനങ്ങൾ ഉടൻ പ്രാബല്യത്തിൽ ഉത്തരവാകുന്നു.

1. പരാമർശം (1) പ്രകാരം ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം ലഭിച്ച നിലവിൽ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ & സെക്രട്ടറി, എസ്.ടി.എ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.ടി.സി.വിനേഷിനെ ടിയാന്റെ സീനിയർ ഡെപ്യൂട്ടി കമ്മീഷണർ തസ്തികയിൽ പ്രൊബേഷൻ കാലാവധി തൃപ്തികരമായി പൂർത്തീകരിച്ച തീയതിയായ 15.04.2021 മുതൽ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ തസ്തികയിലേക്കുള്ള താൽക്കാലിക സ്ഥാനക്കയറ്റം ക്രമപ്പെടുത്തി ഉത്തരവാകുന്നു.
2. നിലവിൽ ഒഴിവുള്ള ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) തസ്തികയിലേക്ക് സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (ടാക്സേഷൻ) ശ്രീ.ബി.മുരളീകൃഷ്ണനെ കെ.എസ്&എസ്.എസ്.ആർ ഭാഗം II, ചട്ടം 28(ബി)(i) പ്രകാരം റെഗുലർ അടിസ്ഥാനത്തിൽ 1,12,800 - 1,63,400/- എന്ന ശമ്പളസ്കെയിലിൽ സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു.
3. ശ്രീ.ബി.മുരളീകൃഷ്ണനെ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നതുമൂലം ഒഴിവ് വരുന്ന സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (ടാക്സേഷൻ) തസ്തികയിലേക്ക് മധ്യ മേഖല ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (സോൺ - I), തൃശ്ശൂർ ശ്രീ.എ.കെ.ശശികുമാറിനെ കെ.എസ്&എസ്.എസ്.ആർ ഭാഗം II, ചട്ടം 28(ബി)(i) പ്രകാരം റെഗുലർ അടിസ്ഥാനത്തിൽ

1,07,800,- 1,60,000/- എന്ന ശമ്പളസ്കെയിലിൽ സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു.

4. ശ്രീ.എ.കെ.ശശികുമാറിനെ സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മിഷണർ (ടാക്സേഷൻ) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നതുമൂലം ഒഴിവ് വരുന്ന മധ്യ മേഖല ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മിഷണർ (സോൺ - I), തൃശ്ശൂർ തസ്തികയിലേക്ക് പത്തനംതിട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ.ജിജി ജോർജിനെ കെ.എസ്&എസ്.എസ്.ആർ ഭാഗം II, ചട്ടം 28(ബി)(i) പ്രകാരം റെഗുലർ അടിസ്ഥാനത്തിൽ 9,56,00 - 1,53,200/- എന്ന ശമ്പളസ്കെയിലിൽ സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോസഫൈൻ കെ
ജോയിന്റ് സെക്രട്ടറി

ഗതാഗത കമ്മീഷണർ, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (ഗതാഗത കമ്മീഷണർ മുഖേന)
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക്. (ഗതാഗത കമ്മീഷണർ മുഖേന)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by Anju.p.k
Date: 23-11-2021 14:28:14
Reason: Approved
സെക്ഷൻ ഓഫീസർ

ബഹു.ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ് ന
ഗതാഗത വകുപ്പ് സെക്രട്ടറിയുടെ സി.എ.ക്കു